# പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.223 19.06.2013-ൽ മറുപടിക്ക്**

## ഡോക്ടർമാർ നടത്തിയ നിസ്സഹകരണ സമരം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>,, എ.കെ.ബാലൻ<br>,, പി.ശ്രീരാമകൃഷ്ണൻ<br>,, എ.പ്രദീപ് കുമാർ | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ജൂൺ മാസമാദ്യം സർക്കാർ ഡോക്ടർമാർ നടത്തിയ നിസ്സഹകരണ സമരത്തിന് ആധാരമായി അവർ ഉയർത്തിയ ആവശ്യങ്ങൾ എന്തൊക്കെയായിരുന്നു; | എ) ഇടപ്പാൾ സാമൂഹ്യാരോഗ്യ കേന്ദ്രത്തിൽ നടന്ന വിജിലൻസ് അന്വേഷണത്തിന്റെ റിപ്പോർട്ട് പിൻവലിക്കണം, അതുമായി ബന്ധപ്പെട്ട എല്ലാ നടപടികളും നിർത്തി വയ്ക്കണം, ഡോ.ഇ.റ്റി.സുരേഷിന് കൊടുത്ത മെമ്മോ നീതിക്ക് നിരക്കാത്തതായതിനാൽ അത് പിൻവലിക്കണം, കെ.ജി.എം.ഒ.എ മെമ്പർമാർക്കെതിരെ പ്രതികാര ബുദ്ധിയോടെ അഡീഷണൽ ഡയറക്ടർ (വിജിലൻസ്) ഡോ.പി.എൻ.രമണി നടത്തുന്ന നടപടി ഡോക്ടർമാരുടെ മനോവീര്യം തകർക്കുന്ന താകയാൽ ഡോ.രമണിയെ വിജിലൻസ് തസ്തികയിൽ നിന്നും മാറ്റി നിർത്തണം, അഡീഷണൽ ഡയറക്ടർ വിജിലൻസിന്റെ കോൺഫിഡൻഷ്യൽ എൻക്വയറി റിപ്പോർട്ട് പത്രമാധ്യമങ്ങളിൽ വന്നതിനെക്കുറിച്ച് |

| | |
|---|---|
| | പോലീസിന്റെ വിജിലൻസ് വിഭാഗം അന്വേഷണം നടത്തണം എന്നിവയായിരുന്നു സർക്കാർ ഡോക്ടർമാർ ഉയർത്തിയ ആവശ്യങ്ങൾ. |
| (ബി) സമരം ഒത്തുതീർപ്പിനായി വകുപ്പ് മന്ത്രി ഡോക്ടർമാർക്ക് എന്തുറപ്പുകളാണ് നൽകിയതെന്ന് അറിയിക്കാമോ; | ബി) സംസ്ഥാനമൊട്ടാകെ പനി പടർന്നു പിടിച്ചിരിക്കുന്ന സാഹചര്യത്തിൽ സർക്കാരിന്റെ യജ്ഞങ്ങളോട് സഹകരിക്കണമെന്നും രോഗികൾക്ക് ബുദ്ധിമുട്ടുണ്ടാകുന്ന സമര പരിപാടികളിൽ നിന്നും പിൻമാറണമെന്നുള്ള മന്ത്രിയുടെ അഭ്യർത്ഥന കണക്കിലെടുത്തും അസോസിയേഷൻ ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങൾ പരിശോധിക്കാമെന്നുമുള്ള ഉറപ്പിൻമേലാണ് സമര പരിപാടികളിൽ നിന്നും പിൻമാറിയത്. |
| സി) പകർച്ചപ്പനി നിയന്ത്രണാതീതമായ സാഹചര്യത്തിൽ സമരം ചെയ്ത ഡോക്ടർമാർക്കെതിരെ ഭരണ പരമോ നിയമപരമോ ആയ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? | സി) ഇല്ല. |

സെക്ഷൻ ഓഫീസർ